"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- വയനാട് ജില്ല -ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിനായി വയനാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.569/2024/DMD    തീയതി,തിരുവനന്തപുരം, 02-08-2024

---

പരാമർശം:-    1. സ ഉ(കൈ)നം.6/2023/ഡിഎംഡി തീയതി 18/06/2023.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മേപ്പാടിയ്ക്ക് സമീപം മുണ്ടക്കൈ, ചൂരൽമല, അട്ടമല എന്നിവിടങ്ങളിലെ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-111-99 Exgratia to bereaved families എന്ന ശീർഷകത്തിൽ നിന്ന് 4,00,00,000/- രൂപ (4 കോടി രൂപ മാത്രം) വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 03-08-2024 11:58:50
സെക്ഷൻ ഓഫീസർ